**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാൻ നൂതന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ പരിഗണനയിലുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ശിപാർശ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടു കൂടിയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം അനുവദിച്ച് വരുന്നത്. നിലവിലെ 26,000ഓളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1500 രൂപ ഇടക്കാലാശ്വാസം ഉൾപ്പെടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ ആവശ്യമാണ്. 2021 ഓഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3,300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമെ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. 404മത് ബോർഡ് ഓഫ് ഡയറക്ടർ യോഗതീരുമാന പ്രകാരം 5250 ബസുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസുകൾക്ക് പരമാവധി 20,468 ജീവനക്കാർ മതിയാകും. ആയതിനാൽ സജീവസേവനത്തിലുള്ള 7,500 ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം |

| | | | |
|---|---|---|---|
| | | | തരണം ചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചുവരുന്നു. |
| (ബി) | ബസ്സുകളുടെ ട്രിപ്പുകൾ കുറച്ച് ചെലവ് ചുരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; യാത്രാക്ലേശം പരിഹരിക്കാതെ ട്രിപ്പുകൾ കുറയ്ക്കുന്ന സമീപനം പൊതുജനങ്ങളെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ട്രാഫിക് ഡിമാന്റ് അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (സി) | ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതും ട്രിപ്പുകൾ വെട്ടിക്കുറയ്ക്കുന്നതും പോലുള്ള നടപടികൾ അല്ലാതെ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനുള്ള നൂതനമായ നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുള്ള വിവിധ നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി പുനരുദ്ധാരണം 2.0 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് യാത്രാ സൗകര്യവും, കോർപ്പറേഷന്റെ വസ്തുവകകൾ ഉപയോഗപ്പെടുത്തി നൽകുവാൻ കഴിയുന്ന വിവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്ത് കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമാകുന്ന ടിക്കറ്റ് / ടിക്കറ്റ് ഇതര വരുമാനത്തിലൂടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതനത്തിനുമുള്ള വരുമാനം നേടുക എന്നതാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോട്കൂടിയും കൂടുതൽ യാത്രാ സൗകാര്യങ്ങൾ ഒരുക്കിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുകയും കൂടുതൽ വരുമാനം കൈവരിക്കുകയും ചെയ്യണം എന്ന ലക്ഷ്യത്തോട് കൂടി കെ.എസ്.ആർ.ടി.സി.യുടെ പരിപൂർണ്ണ സഹായ സഹകരണത്തോട് കൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽകാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.റ്റി.സി.യിൽ പ്രൊഫഷണലിസം കൊണ്ട് വരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.റ്റി.സി.യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു. 4. കെ.എസ്.ആർ.റ്റി.സി.യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ.റ്റി.സി.യിലെ ജീവനക്കാരിൽ 25 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. 5. കെ.എസ്.ആർ.റ്റി.സി.യുടെ ബസ്-സ്റ്റാഫ് ആനുപാതം ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ആയത് ദേശീയ ശരാശരിയേക്കാൾകുറച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് മാനേജീരിയൽ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതും, നിശ്ചിത യോഗ്യതയുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെയും ക്ലറിക്കൽ വിഭാഗം ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവർ കുറവുള്ള പക്ഷം മറ്റ് വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെയും ചേർത്ത് കെ.എസ്.ആർ.റ്റി.സി.യുടെ മിനിസ്റ്റീരിയൽ വിഭാഗത്തെ അഡ്മിനിസട്രേഷൻ / അക്കൗണ്ട്സ് എന്നിങ്ങനെ രണ്ട് വിഭാഗമാക്കി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 7. BOND Service / City Circular Service / Feeder Service മുതലായവയുടെ സഹായത്തോടു കൂടി പൊതുജനത്തിന് കൂടുതൽ യാത്രാ സൗകര്യം നൽകി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ